KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ: 12404 തീയ്യതി: 15.09.2021

## സർക്കുലർ നമ്പർ 78/2021 (BD)

വിഷയം : **ഭദ്രത സ്മാർട്ട് ചിട്ടികളും ആശ്വാസ് പദ്ധതിയും വിജയത്തിലെത്തിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശക സമിതി Business Coordination Teams (BCT) രൂപീകരിച്ചത് സംബന്ധിച്ച്**

സൂചന : 2021 സെപ്തംബർ 9 ന് മാനേജിങ്ങ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഹെഡ് ഓഫീസിൽ വെച്ച് നടന്ന യോഗത്തിന്റെ തീരുമാനം.

** ** **

"**ഭദ്രത സ്മാർട്ട് ചിട്ടികൾ 2021**" ജൂലായ് 1 ന് ആരംഭിച്ച് വിജയകരമായി മുന്നേറിക്കൊണ്ടിരിക്കുകയാണല്ലോ. കഴിഞ്ഞ വർഷം ഈ കാലയളവിൽ സമുക്ക് സമാഹരിക്കുവാൻ കഴിഞ്ഞ മൊത്തം ചിട്ടി ബിസിനസ്സ് 85 കോടി രൂപ ആയിരുന്നു. ഈ സാമ്പത്തിക വർഷം ആദ്യ മാസത്തിൽ നമുക്ക് വെറും 7 കോടി രൂപയുടെ ചിട്ടി മാത്രമേ ചെയ്യുവാൻ കഴിഞ്ഞുള്ളൂ. 31.08.2021 ആയപ്പോഴേക്കും 105 കോടി രൂപയുടെ ചിട്ടി ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. കോവിഡിന്റെ രണ്ടാം വരവിനിടയിലും, ഇത്രയും ചിട്ടി ബിസിനസ്സ് നേടുന്നതിന് നമുക്ക് സാധിച്ചത് കെ.എസ്.എഫ്.ഇ. യിൽ പൊതുജനം അർപ്പിച്ച വിശ്വാസവും ഓരോ ജീവനക്കാരന്റേയും ഏജന്റുമാരുടെയും ആത്മാർത്ഥമായ പ്രവർത്തനമികവുകൊണ്ടും കൂടിയാണ്.

ഈ വർഷം നമുക്ക് ചെയ്യുവാനുള്ള മൊത്തം ചിട്ടി·ബിസിനസ്സ് ലക്ഷ്യം 758 കോടി രൂപയാണ് . ആയതുമുഴുവൻ ഈ ചിട്ടി പദ്ധതി വഴി നേടിയെടുക്കേണ്ടതുണ്ട്. കോവിഡ് നിയന്ത്രണങ്ങളിൽ സംസ്ഥാനത്ത് ഇപ്പോൾ കൂടുതൽ കൂടുതൽ ഇളവുകൾ വന്നുകൊണ്ടിരിക്കുകയാണ്. യാത്രാ സൗകര്യങ്ങൾ പൂർണ്ണമായും പുനസ്ഥാപിക്കപ്പെട്ടു. കമ്പോളങ്ങൾ ഉണർന്നതോടെ കച്ചവടവും സജീവമായിക്കൊണ്ടിരിക്കുകയാണ്. ഒരു സാമ്പത്തിക സ്ഥാപനമെന്ന നിലയിൽ ഇതൊരു അവസരമായി കണ്ട് കഴിവിന്റെ പരമാവധി വിനിയോഗിക്കുവാൻ നമ്മുടെ ശാഖകൾ ശ്രദ്ധിക്കേണ്ടതാണ്. രണ്ടു മാസം മുഴുവനായും, ചില ശാഖകളിൽ അതിനു ശേഷവും ചിട്ടി ലേലം നടത്തുവാൻ കഴിയാതിരുന്നതുമൂലം പ്രസ്തുത മാസങ്ങളിലെ ഫോർമാൻ കമ്മീഷൻ കഴിഞ്ഞ വർഷത്തെപ്പോലെ ഈ വർഷവും ലഭിക്കുവാൻ കഴിയാത്ത സ്ഥിതിവിശേഷവും ഉണ്ടായി. ആയതിനാൽ എല്ലാ ശാഖകളും കഴിയുന്നത്ര ബിസിനസ്സ് തുടക്കത്തിലേ ചെയ്ത് ബിസിനസ്സ് ലക്ഷ്യങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ നടത്തേണ്ടതുണ്ട്. കാലാവധി കഴിയുന്ന ചിട്ടികൾക്ക് പകരം ഉടൻ പുതിയ ചിട്ടികൾ ചെയ്യാതിരുന്നാൽ ആയതിന്റെ ഫോർമാൻ കമ്മീഷൻ കിട്ടാതെ പോവുന്നതും നമുക്കറിയാവുന്നതാണല്ലോ. മേഖലാ ഓഫീസുകളുടേയും കോർപ്പറേറ്റ് ഓഫീസിന്റേയും മേൽനോട്ടവും നിർദ്ദേശവും ഇതിനായി ഉണ്ടായിരിക്കുന്നതാണ്.

അതോടൊപ്പം തന്നെ നമ്മൾ പ്രഖ്യാപിച്ച ഒറ്റത്തവണ കുടിശ്ശിക തീർപ്പാക്കൽ പദ്ധതിയായ '**ആശ്വാസ് 2020**' പദ്ധതിയും ലക്ഷ്യത്തിൽ എത്തിച്ചേരേണ്ടതുണ്ട്. ഈ പദ്ധതിയെക്കുറിച്ചുള്ള അവബോധം മുഴുവൻ കുടിശ്ശികക്കാരിലേയ്ക്കും എത്തിയ്ക്കുവാൻ കഴിഞ്ഞാൽ കമ്പനിയുടെ കുടിശ്ശിക വൻതോതിൽ കുറയ്ക്കുവാനും കുടിശ്ശികക്കാരെ വലിയ കടക്കെണിയിൽ നിന്നും രക്ഷിക്കുവാനും കഴിയും. വിളിച്ചെടുക്കാത്ത ചിട്ടികളിലെ കുടിശ്ശികയും നല്ല തോതിൽ കുറയ്ക്കേണ്ടതുണ്ട്. അതുവഴി നമ്മുടെ NPA ശതമാനം കുറയ്ക്കുവാനും സാഹചര്യം അനുകൂലമാക്കി മാറ്റുവാനും സ്ഥാപനത്തിന്റെ liquidity വർദ്ധിപ്പിക്കുവാനും കഴിയും. നമ്മൾ കഴിഞ്ഞ വർഷം ആരംഭിച്ച Bridge Loan പദ്ധതി ഇതിലേയ്ക്കായി വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതാണ്. അതുപ്പോലെ തന്നെ നമ്മുടെ പ്രമുഖ

വായ്പാപദ്ധതികളായ സ്വർണ്ണപ്പണയ വായ്പ, വ്യക്തിഗത വായ്പ, ഭവന വായ്പ, ചിട്ടി ലോൺ എന്നിവ അഭിവൃദ്ധിപ്പെടുത്തി CD Ratio വർദ്ധിപ്പിക്കുവാനുള്ള ആത്മാർത്ഥ ശ്രമവും ഉണ്ടാകേണ്ടതാണ്.

ഈ സാമ്പത്തിക വർഷത്തിലെ 5 മാസക്കാലം ഇതിനോടകം കടന്നു പോയി കഴിഞ്ഞുവല്ലോ. ഇനിയുള്ള ദിവസങ്ങളിൽ മുഴുവൻ ശാഖകളും അവരുടെ ബിസിനസ്സ് ലക്ഷ്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഇനിയും വൈകാതെ തന്നെ അവരുടെ വാർഷിക ചിട്ടി ബിസിനസ്സിന്റെ 50% വീഴ്ചകൂടാതെ സമാഹരിക്കേണ്ടതുമാണ്. ഇതിനോടകം വാർഷിക / അർദ്ധ വാർഷിക ലക്ഷ്യം കൈവരിച്ച ശാഖകൾ Market Potential ഉപയോഗപ്പെടുത്തി കൂടുതൽ ബിസിനസ്സ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

അതോടൊപ്പം തന്നെ കുടിശ്ശിക പിരിവും ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേയ്ക്കായി ഭദ്രത സ്മാർട്ട് ചിട്ടികളുടെ വിപണനം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനായും ആശ്വാസ് പദ്ധതി വിജയിപ്പിക്കുന്നതിനുമായി ശാഖകളെ സഹായിക്കുന്നതിന് ഹെഡ് ഓഫീസ് തലത്തിൽ ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് ഓരോ മേഖലയേയും സഹായിക്കുന്നതിനായി ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കഴിഞ്ഞ സാമ്പത്തിക വർഷം ചെയ്തതു പോലെ ഒരു മാർഗ്ഗ നിർദ്ദേശ സമിതി Business Coordination Teams (BCT) രൂപീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ചെയ്തതുപോലെ ബിസിനസ്സ് ലക്ഷ്യങ്ങളും കുടിശ്ശിക പിരിവും ഊർജ്ജിതപ്പെടുത്തുന്നതിനായി മേഖലാ ഓഫീസുകളുമായി യോജിച്ചുകൊണ്ട് ശാഖകൾക്ക് മാർഗ്ഗ നിർദ്ദേശങ്ങളും സഹായപ്രവർത്തനങ്ങളും ചെയ്യുക എന്നതാണ് ഈ സമിതിയുടെ പ്രാഥമിക കടമ. 13 മേഖലകൾക്കും ഓരോ ടീം എന്ന രീതിയിൽ 13 ടീമുകളായാണ് Business Coordination Teams (BCT) പ്രവർത്തിക്കുക. ഭദ്രത സ്മാർട്ട് ചിട്ടിയുടെ കാലപരിധിയായ 28.02.2022 വരെയാണ് ഈ സമിതിയുടെ പ്രവർത്തന കാലാവധി. ടീം അംഗങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | മേഖലയുടെ പേര് | Business Coordination Teams (BCT) | |
|---|---|---|---|
| 1 | തിരുവനന്തപുരം | കൺവീനർ | മധുമോഹൻ സി.കെ (എ.ജി.എം) |
| | | അംഗങ്ങൾ | ഷാജി പി.പി.(മാനേജർ ഗ്രേഡ് III) |
| | | | ബിജോ സിൽവസ്റ്റർ (മാനേജർ ഗ്രേഡ് IV) |
| | | | ഉണ്ണികൃഷ്ണൻ പി.എസ് (അസിസ്റ്റന്റ് മാനേജർ) |
| | | | |
| 2. | ആറ്റിങ്ങൽ | കൺവീനർ | ജോസഫ് എം.വി (സീനിയർ മാനേജർ) |
| | | അംഗങ്ങൾ | നജീർ യാസർ പി.എ (സീനിയർ മാനേജർ) |
| | | | രാജേഷ് കെ.എസ് (സീനിയർ മാനേജർ) |
| | | | സന്തോഷ് ലാൽ ഡി. (മാനേജർ ഗ്രേഡ് IV) |
| | | | |
| 3. | കൊല്ലം | കൺവീനർ | ഗണേഷ് ആർ (സീനിയർ മാനേജർ) |
| | | അംഗങ്ങൾ | ബൈജു പി.എം (സീനിയർ മാനേജർ) |
| | | | ദേവീദാസൻ സി.ആർ (ഡെപ്യൂട്ടി മാനേജർ) |
| | | | മധു ടി.കെ (ഡെപ്യൂട്ടി മാനേജർ) |
| | | | |
| 4. | പത്തനംതിട്ട | കൺവീനർ | അനിൽകുമാർ കെ.ജി (ചീഫ് മാനേജർ) |
| | | അംഗങ്ങൾ | ആന്റണി ടി.ഡി (സീനിയർ മാനേജർ) |
| | | | സുധീർ എം.വി. (ഡെപ്യൂട്ടി മാനേജർ) |
| | | | ജയരാജൻ കെ.വി. (ഡെപ്യൂട്ടി മാനേജർ) |
| | | | |
| 5. | കോട്ടയം | കൺവീനർ | സുജാത ആർ (ചീഫ് മാനേജർ) |
| | | | ജയകുമാർ സി.ആർ ( സീനിയർ മാനേജർ) |
| | | അംഗങ്ങൾ | വിനോദ് വി (സീനിയർ മാനേജർ) |
| | | | നന്ദകുമാർ എ. (മാനേജർ ഗ്രേഡ് IV) |
| | | | |
| | | | |

| | | | |
|---|---|---|---|
| 6. | ആലപ്പുഴ | കൺവീനർ | ജയപ്രകാശൻ കെ.വി. ( ഡി.ജി.എം) |
| | | അംഗങ്ങൾ | കുഞ്ഞിക്കണ്ണൻ എച്ച്. (ചീഫ് മാനേജർ) |
| | | | ദയാനന്ദൻ എം.വി (ഡെപ്യൂട്ടി മാനേജർ) |
| | | | ഫ്രാങ്കോ ഡേവീസ് (അസിസ്റ്റന്റ് മാനേജർ) |
| | | | |
| 7. | കട്ടപ്പന | കൺവീനർ | ജയകൃഷ്ണൻ ടി (ചീഫ് മാനേജർ) |
| | | അംഗങ്ങൾ | ബിജു വി (സീനിയർ മാനേജർ) |
| | | | സുരേഷ് കുമാർ എ. (ഡെപ്യൂട്ടി മാനേജർ) |
| | | | നവീൻചന്ദ് പി.ആർ(സ്പെഷൽ ഗ്രേഡ് അസിസ്റ്റന്റ് ) |
| 8. | എറണാകുളം | കൺവീനർ | സുജാത എം.ടി (ഡി.ജി.എം ഇൻ ചാർജ്) |
| | | അംഗങ്ങൾ | ഗോപീകൃഷ്ണൻ പി.എൻ (സീനിയർ മാനേജർ) |
| | | | ലതീഷ് പി.എൽ (അസിസ്റ്റന്റ് മാനേജർ) |
| | | | മധു. സി (അസിസ്റ്റന്റ് മാനേജർ) |
| | | | |
| 9. | തൃശ്ശൂർ | കൺവീനർ | ഷാജു ഫ്രാൻസീസ് കെ. (ചീഫ് മാനേജർ) |
| | | അംഗങ്ങൾ | മുദ്ര മോഹൻരാജ് (സീനിയർ മാനേജർ) |
| | | | പ്രമോദ് എം.എസ് (ഡെപ്യൂട്ടി മാനേജർ) |
| | | | സരിത കെ.എസ്. (സീനിയർ അസിസ്റ്റന്റ്) |
| | | | |
| 10. | പാലക്കാട് | കൺവീനർ | പ്രിൻസ് കെ.എ (സീനിയർ മാനേജർ) |
| | | അംഗങ്ങൾ | ജയചന്ദ്രൻ പി.പി (ഡെപ്യൂട്ടി മാനേജർ) |
| | | | കേശവകുമാർ സി.( ഡെപ്യൂട്ടി മാനേജർ) |
| | | | സുജിത എസ്.എ.(അസിസ്റ്റന്റ്മാനേജർ (എൻ.സി)) |
| | | | |
| 11. | മലപ്പുറം | കൺവീനർ | അയ്യപ്പൻ പിള്ള കെ. (സീനിയർ മാനേജർ) |
| | | അംഗങ്ങൾ | മോഹനദാസ് എ.എസ് (സീനിയർ മാനേജർ) |
| | | | സൈനുദ്ദീൻ എസ് (ഡെപ്യൂട്ടി മാനേജർ) |
| | | | ആന്റോ കെ.ജെ (ഡെപ്യൂട്ടി മാനേജർ) |
| | | | |
| 12. | കോഴിക്കോട് | കൺവീനർ | ദിനേശ് വി.എസ് (ചീഫ് മാനേജർ) |
| | | അംഗങ്ങൾ | സുജാത ടി. (സീനിയർ മാനേജർ) |
| | | | ജോജി സി.ജെ (ഡെപ്യൂട്ടി മാനേജർ) |
| | | | റെയ്ഗൻ എം.ജി. (സ്പെഷൽ ഗ്രേഡ് അസിസ്റ്റന്റ്) |
| | | | |
| 13. | കണ്ണൂർ | കൺവീനർ | പ്രമോദൻ എ (ഡി.ജി.എം) |
| | | അംഗങ്ങൾ | ഷീജ വി.പി (സീനിയർ മാനേജർ) |
| | | | ബാബു എ.ആർ (മാനേജർ ഗ്രേഡ് III) |
| | | | റീന കെ.കെ (മാനേജർ ഗ്രേഡ് IV ) |
| | | | ജ്യോതിനാഥൻ കെ.എസ് (ഡെസ് പാച്ച് അസിസ്റ്റന്റ് ) |

കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി

**സുബ്രഹ്മണ്യൻ വി.പി.**

**മാനേജിങ്ങ് ഡയറക്ടർ**

To:എല്ലാ ശാഖാ തലവൻമാർക്കും

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും

ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും

iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും

iv എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും

v എം.ഡി. യുടെ പി.എ.

സർക്കുലർ ഫയൽ